# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3454

12-12-2014 ൽ മറുപടിയ്ക്ക്

## തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് വേണ്ടി സർക്കാർ കർഷകർക്ക് നൽകി വന്നിരുന്ന ധനസഹായത്തിൽ ഭീമമായ വെട്ടിക്കുറവ് നടത്തിയിട്ടുണ്ടോ; | (എ) ആർ.കെ.വി.വൈ പദ്ധതി പ്രകാരം നാഷണൽ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത് പ്രകാരം തരിശ് നിലങ്ങളിൽ കൃഷി യിറക്കുന്നതിന് ഉല്പാദനോപധികളുടെ ചെലവിന് ഹെക്ടറിന് 7500 രൂപയും കൃഷി ചെലവിന് ഹെക്ടറിന് 4,000 രൂപയുമാണ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് കർശനമായി പാലിക്കപ്പെടണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ചാണ് ധനസഹായത്തിന് വെട്ടിക്കുറവ് നടത്തി യിട്ടുള്ളത്. |
| (ബി) നിലവിൽ എത്ര തുകയാണ് ഇത്തരത്തിൽ പ്രതി ഹെക്ടറിന് തരിശ് നിലകൃഷി പോഷണത്തിനായി നൽകി വരുന്നതെന്നും മുൻകാലങ്ങളിലെക്കാൾ എത്ര ശതമാനം കുറവ് ഇതിൽ വരുത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) 2012-13 വർഷം ആർ.കെ.വി.വൈ കരാർ കൃഷി പദ്ധതി പ്രകാരം 400 ഹെക്ടർ പ്രദേശത്ത് തരിശു നിലനെൽ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30000 രൂപ അനുവദിയ്ക്കുകയുണ്ടായി. എന്നാൽ അധികമായി ആവശ്യപ്പെട്ട 605 ഹെക്ടറിന് 15000 രൂപയും അനുവദി ക്കുകയുണ്ടായി. കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം തരിശുനില നെൽകൃഷിയ്ക്കായി ഹെക്ടറിന്30000 (368.14 ഹെക്ടർ) രൂപ ക്രമത്തിൽ സഹായം ലഭിച്ചിട്ടുണ്ട്.<br>2013-14 വർഷം ഹെക്ടറിന് 30000 രൂപ ധനസഹായം 1653.95 ഹെക്ടറി ലേയ്ക്ക് ലഭിക്കുകയും പതിമൂന്നാം ധന കാര്യകമ്മീഷൻ അവാർഡ് പദ്ധതി പ്രകാരം കുട്ടനാട് പ്രദേശത്ത് തരിശു നിലകൃഷി നടപ്പിലാക്കുന്നതിനായി 250 |

| | | | |
|---|---|---|---|
| | | | ഹെക്ടറിലേയ്ക്ക് 30000 രൂപ ക്രമത്തിൽ സബ്സിഡി ലഭിക്കുകയുണ്ടായി. എന്നാൽ 2014-15 വർഷത്തേയ്ക്ക് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 1550 ഹെക്ടർ തരിശുനിലം നെൽകൃഷി യോഗ്യമാക്കുന്നതിനായി ഹെക്ടറിന് 11500 രൂപ അനുവദിയ്ക്കുകയുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി പ്രകാരം 166.67 ഹെക്ടറിന് 30000 രൂപയും അനുവദിയ്ക്കുകയുണ്ടായി. എന്നാൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം അനുവദിച്ച തുക മുൻവർഷത്തേക്കാൾ കുറവാണ്. |
| (സി) | ഇത്തരത്തിൽ കുറവ് വരുത്തുന്നതിന് ഉണ്ടായിട്ടുള്ള സാഹചര്യം എന്തെന്ന് വിശദമാക്കുമോ; | (സി) | കേന്ദ്ര സഹായത്തോടുള്ള ആർ.കെ.വി.വൈ പദ്ധതി പ്രകാരം നാഷണൽ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത് പ്രകാരം തരിശ് നിലങ്ങളിൽ കൃഷി യിറക്കുന്നതിന് ഉല്പാദനോപാധികളുടെ ചെലവിനത്തിൽ ഹെക്ടറിന് 7500 രൂപയും കൃഷി ചെലവിനായി ഹെക്ടറിന് 4000 രൂപയും എന്ന ക്രമത്തിൽ ആകെ 11500 രൂപയാണ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് കർശനമായി പാലിക്കപെടണമെന്ന കേന്ദ്രനിർദ്ദേശമനുസരിച്ചാണ് 2014-15 വർഷം ആർ.കെ.വി.വൈ പദ്ധതി പ്രകാരം തരിശു നിലകൃഷിയ്ക്കുള്ള ആനുകൂല്യം ഹെക്ടറിന് 11500 ആയി നിജപ്പെടുത്തി-യത്. |
| (ഡി) | അനുബന്ധ തീരുമാനമെടുക്കുന്നതിനുവേണ്ടി എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ഡി) | ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. |
| (ഇ) | കർഷകർക്കുള്ള ഈ ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോ? | (ഇ) | നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ തലത്തിലാണ് തീരുമാനമെടുക്കേണ്ടത് |

സെക്ഷൻ ഓഫീസർ